**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ പടരുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന വരൾച്ച കാരണം കാട്ടുതീ പടർന്നു പിടിക്കാനുള്ള സാധ്യത ഏറെയാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | **പരിശോധിച്ചിട്ടുണ്ട്.** |
| (ബി) | ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ കാട്ടുതീ മൂലം വനസമ്പത്തിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **പുൽമേടുകളും, അടിക്കാടുകളും, കുറ്റിച്ചെടികളും മാത്രമാണ് കാട്ടുതീ മൂലം നശിച്ചിട്ടുള്ളത്. ആയത് തുടർന്നു വരുന്ന മഴക്കാലത്ത് വീണ്ടും വളർന്നുവരുന്നതിനാൽ വനസമ്പത്തിന് നഷ്ടം സംഭവിക്കുന്നില്ല.** |
| (സി) | കാട്ടുതീ പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **എല്ലാ വർഷവും ഫയർ സീസൺ ആരംഭിക്കുന്നതിന് മുന്നോടിയായി റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ കൺട്രോൾ റൂമും, കൺട്രോൾ റൂമിനോടനുബന്ധിച്ച് ടൂൾ റൂമും സജ്ജീകരിക്കുന്നു.**<br><br>**കാട്ടുതീ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഓരോ സർക്കിളിന്റെയും പരിധിയിലുള്ള ഡിവിഷനുകളിൽ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള മേഖലകളെ ലോ, മീഡിയം, ഹൈ ഫയർ പ്രോൺ ഏരിയകളായി തരം തിരിച്ച് ഓരോ ഇടത്തും മുൻകൂറായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി ബയോമാസ് റിമൂവൽ, കൺട്രോൾ ബേണിങ്, ഫയർ ബ്രേക്കുകളുടെ നിർമ്മാണം, ഫയർ ലൈനുകളുടെ നിർമ്മാണം, വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഫയർ ഗ്യാങ്ങുകൾ രൂപീകരിക്കൽ, വന സംരക്ഷണ സമിതികളുടെ സഹായത്തോടെയുള്ള വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ, റെയിഞ്ച്, ഡിവിഷൻ, സർക്കിൾ തലങ്ങളിൽ ഫയർ സീസണുകളിൽ ഫയർ** |

| | | | |
|---|---|---|---|
| | | | കൺട്രോൾ റൂമുകളുടെ പ്രവർത്തനം നടത്തുന്നുണ്ട്. യഥാസമയം കാട്ടുതീ മുന്നറിയിപ്പ് ലഭ്യമാകുന്നതിനായി അത്യാധുനിക മുന്നറിയിപ്പ് സംവിധാനമായ Fire Alert System ഉപയോഗപ്പെടുത്തുന്നു. കാട്ടുതീ ഉണ്ടായ വിവരം കൺട്രോൾ റൂമുകൾ വഴി ബന്ധപ്പെട്ട സ്ഥലത്തേക്ക് അടിയന്തിരമായി കൈമാറി ആവശ്യമായ പ്രതിരോധനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പൊതുജന അവബോധത്തിനായി റാലികൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഫോറസ്റ്റ് സർവേ ഓഫ് ഇൻഡ്യയിൽ നിന്നും കാട്ടുതീ സംബന്ധിച്ച അറിയിപ്പ് ലഭിക്കുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാരെ മൊബൈൽ ഫോൺ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ